മി. ചെയർമാൻ: ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി പ്രസ്ംചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. വി. ഡി. സത്ീശൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ:

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(3) 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): പ്രസ്തുത ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ക്ഷേമവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സംസാരിക്കുന്നില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-8-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ഭേദഗതി യഥാർത്ഥത്തിൽ 2003-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതിയുടെ തുടർച്ചയാണ്. ആ ഭേദഗതിക്ക് ഒരു നിയമസാധുതകൂടി കിട്ടി, പുതിയ സാഹചര്യങ്ങളിൽ പുതിയ സഹായങ്ങളും നൽകുമെന്ന ഉദ്ദേശത്തോടുകൂടിയുള്ളതാണ് ഈ ബിൽ. അതിൽ ആദ്യത്തെ ഭേദഗതി പറയുന്നത് അനധികൃതമായി ഏതെങ്കിലും കൺസ്ട്രക്ഷൻ നടത്തുകയാണെങ്കിൽ അതു സംബന്ധിച്ച് പരാതി വന്നാൽ പരാതിക്കാരനെ കേൾക്കാൻ കഴിയുന്ന, പരിഗണിക്കാൻ കഴിയുന്ന ഒരു പ്രതീക്ഷയാണ് ഇതിൽ എഴുതിച്ചേർത്തിരിക്കുന്നത്. രണ്ടാം മുനിസിപ്പാലിറ്റി ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

നിയമത്തിലെ 44-ാം വകുപ്പിലെ നാലും അഞ്ചും ഉപവകുപ്പുകൾപ്രകാരം വ്യവസായങ്ങളും ഫാക്ടറികളും മറ്റ് വ്യാപാര സ്ഥാപനങ്ങളും തുടങ്ങുന്നതിനുള്ള ലൈസൻസുകൾ ഒരു വർഷത്തേയ്ക്ക് എന്നുള്ളത് മൂന്ന് വർഷമായി ദീർഘിപ്പിച്ചിരിക്കുകയാണ്. ശ്രീ. ചെർക്കളം അബ്ദുള്ള മന്ത്രിയായിരുന്നപ്പോൾ ഇറക്കിയിട്ടുള്ള ചില ഓർഡറുകളുണ്ട്. അത് സർക്കാർ ഉത്തരവായി ഇറക്കിയിട്ടുണ്ട്. ഉത്തരവ് നമ്പർ 653/2003 തദ്ദേശ സ്വയംഭരണ വകുപ്പ് 26-2-2003-ൽ ഇറക്കിയിട്ടുള്ളതാണ്. ആ ഉത്തരവിൽ പറയുന്നത് ലൈസൻസ് പുതുക്കുന്നതിൽ പിഴ വരുകയാണെങ്കിൽ 10,000 രൂപ ഈടാക്കണം എന്നാണ്. എന്നാൽ 10,000 എന്നുള്ളത് 25 ശതമാനത്തിനും 50 ശതമാനത്തിനും ഇടയിലല്ലാത്ത ഒരു തുകയായതുകൊണ്ട് ഇത് ചർച്ച ചെയ്ത് പരിഹരിക്കാനുള്ള അവകാശം മുനിസിപ്പാലിറ്റികൾക്ക് ഉണ്ടെന്നും പറഞ്ഞിട്ടുണ്ട്. ഇത് പെട്ടിക്കടക്കാരെ ബാധിക്കുന്നതായതുകൊണ്ട് 2,500 രൂപയെന്ന് നിജപ്പെടുത്തിക്കൊടുത്താലും ഇത് പെട്ടിക്കടക്കാരെയാണ് ബാധിക്കുന്നത്. അതുകൊണ്ട് നികുതി പിരിക്കേണ്ടതില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നു പറഞ്ഞാൽ യഥാർത്ഥത്തിൽ ഇത് മുനിസിപ്പാലിറ്റികളുടെ വരുമാനത്തിൻമേലുള്ള ഒരു കൈകടത്തലാണ്. ഈ ഉത്തരവ് കാണുമ്പോൾ പെട്ടിക്കടക്കാരെ സഹായിക്കാനാണ് ഉത്തരവിറക്കിയതെന്ന് തോന്നുമെങ്കിലും യഥാർത്ഥത്തിൽ ഇത് വൻകിട ഷോപ്പിംഗ് കോംപ്ലക്സ് നടത്തുന്നവരെയാണ് സഹായിക്കുന്നത്. അങ്ങനെ അല്ലായിരുന്നെങ്കിൽ പെട്ടിക്കടക്കാരായിട്ടുള്ളവർക്ക് ഇന്നമാതിരി എക്സംപ്ഷൻ കൊടുക്കാമെന്ന് പറഞ്ഞാൽ മതിയായിരുന്നല്ലോ. അതുപോലെ മറ്റൊരു ഉത്തരവ് 3699/ബി 2003 തദ്ദേശ സ്വയംഭരണ വകുപ്പ് 24-12-2003-ൽ ഇറക്കിയിട്ടുള്ളതാണ്. ആ ഉത്തരവിൽ പറയുന്നത് അനധികൃതമായി നിർമ്മിച്ചിരിക്കുന്ന കെട്ടിടം പൊളിച്ചുമാറുന്നതുവരെ അതിൽ താമസിക്കുന്നതിന് അനുവാദം നൽകാമെന്നും പ്രസ്തുത കെട്ടിടത്തിന് നികുതി കൊടുക്കാൻ ഉടമ ബാദ്ധ്യസ്ഥനാണെന്നും അത് പൊളിച്ചുമാറണമെന്ന സന്ദർഭം വരുമ്പോൾ പൊളിച്ചുമാറിക്കൊള്ളാമെന്ന് പറഞ്ഞാൽ വ്യാപാരവും ബിസിനസ്സും തുടങ്ങുന്നതിന് ലൈസൻസ് കൊടുത്തുകൊള്ളണമെന്നുമാണ്. ഈ നിയമം സാധൂകരിക്കുന്നതിനാണ് പുതിയ ഭേദഗതി നിയമം കൊണ്ടുവരുന്നത് എന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. അപ്പോൾ യഥാർത്ഥത്തിൽ ഇത് ആരെ സഹായിക്കാനാണ്? പി.ഡബ്ലിയു.ഡി. റോഡ് കൈയേറി അനധികൃതമായി ധാരാളം നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയാണ്. ആ നിർമ്മാണപ്രവർത്തനങ്ങളെ സാധൂകരിക്കാൻ ആദ്യം ഒരു ഭേദഗതി കൊണ്ടുവരുന്നു. അതു കഴിഞ്ഞ് മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ വേണ്ടി അടുത്ത ഭേദഗതി കൊണ്ടുവരുന്നു. അതാണ് ഈ ബില്ലിലൂടെ സംവേചിച്ചിരിക്കുന്നത്. മൂന്ന് വർഷത്തെ കാലാവധി കിട്ടുന്നതോടുകൂടി കൃത്രിമം കാണിക്കാനും മറ്റ് രൂപത്തിൽ തടയിടാനുമാണ് കഴിയുന്നത്. അതുകൊണ്ട് ഈ ഭേദഗതി ഒരിക്കലും നമ്മുടെ താൽപ്പര്യം സംരക്ഷിക്കാൻ സഹായകരമല്ല. ഇത് നിക്ഷിപ്ത താൽപ്പര്യക്കാരായിട്ടുള്ള ഒരു സെറ്റ് ആളുകളെ സഹായിക്കാൻ മാത്രമേ ഉതകുകയുള്ളു. മറ്റു ചില എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ടാക്സിന്റെ കുറവിലുള്ള തെരഞ്ഞെടുപ്പുണ്ട്. ആ തെരഞ്ഞെടുപ്പിലൂടെയെല്ലാം മുനിസിപ്പാലിറ്റിയുടെ വരുമാനം കുറയ്ക്കാനും അവരുടെ അധികാരത്തിൽ കൈകടത്താനും മാത്രമേ സഹായിക്കുകയുള്ളു. അതുകൊണ്ട് യഥാർത്ഥത്തിൽ ഇത് ആവശ്യമില്ലാത്ത ഒരു ഭേദഗതിയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ പുതിയ വ്യാപാരങ്ങളോ അല്ലെങ്കിൽ പുതിയ വ്യവസായങ്ങളോ തുടങ്ങുന്നതിന് അപേക്ഷ കൊടുത്താൽ ഒരുപാട് മാസക്കാലം കാത്തുനിന്നാൽപ്പോലും തുടങ്ങാൻ കഴിയാത്ത ഒരു അവസ്ഥാവിശേഷം പരിഹരിക്കാനാണ് ഒരു മാസത്തിനുള്ളിൽ ലൈസൻസ് കൊടുക്കണമെന്നും നേരത്തേ ഒരു വർഷമായിരുന്നത് മൂന്നു വർഷമാക്കണമെന്നുമുള്ള ഭേദഗതി കൊണ്ടുവന്നത്. ഒരു ഫാക്ടറി തുടങ്ങിക്കഴിഞ്ഞാൽ ഏകദേശം ഒരു വർഷം കഴിഞ്ഞാലേ അത് പൂർണ്ണമായും ഫംഗ്ഷൻ ചെയ്യാൻ കഴിയുകയുള്ളൂ. ഫാക്ടറി കമ്മീഷൻ ചെയ്യുന്നതിനുമുമ്പ് വീണ്ടും ലൈസൻസ് പുതുക്കണ്ട അവസ്ഥ വരുമ്പോൾ ലൈസൻസ് പുതുക്കി കൊടുത്തില്ലെങ്കിൽ വ്യവസായങ്ങളും വ്യാപാരങ്ങളും അവതാളത്തിലാകുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകും. ആറ് മാസത്തിനകം ലൈസൻസ് നൽകണമെന്നും ഇല്ലെങ്കിൽ ലൈസൻസ് നൽകിയതായി കണക്കാക്കുമെന്നുമുള്ള വ്യവസ്ഥ ഏറ്റവും ശ്ലാഘനീയമായ ഒന്നാണ്. ഇവിടെ തെരഞ്ഞെടുപ്പിന്റെ കാര്യം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷത്തിന് നിഗൂഢമായ ഒരു ലക്ഷ്യമുണ്ട്. ഇപ്പോൾ അഞ്ച് പഞ്ചായത്തുകളെ കേസ് കൊടുത്തിരിക്കുകയാണ്. തെരഞ്ഞെടുപ്പ് നീട്ടിക്കിട്ടണമെന്നുള്ള ലക്ഷ്യമാണ് അവർക്കുള്ളത്. അപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത് ഇത് ഒരു കാരണവശാലും നീട്ടരുത്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകാനുള്ള ഇടതുപക്ഷത്തിന്റെ അടവുകളെല്ലാം തകർത്തുതരിപ്പണമാക്കി. അത് കൃത്യമായി നടത്താനുള്ള സംവിധാനം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, ബഹുമാനപ്പെട്ട അംഗം കഴിഞ്ഞ ബില്ലുമായി താരതമ്യപ്പെടുത്തിനോക്കണമെന്നാണ് ഇവിടെ സംസാരിച്ചത്. കഴിഞ്ഞ ബില്ലും ഇതുമായി യാതൊരു ബന്ധവുമില്ല. കഴിഞ്ഞ ബില്ലിൽ ക്രമവൽക്കരണത്തിനുള്ള ഒരു നീക്കവുമില്ല. ടൗൺ പ്ലാനിംഗ് ആക്ടിന് കർശനമായി പാലിക്കണം എന്ന വ്യവസ്ഥയാണ് ഇവിടെ അവതരിപ്പിച്ച ബില്ലിൽ ഉള്ളത്. അതുകൊണ്ട് അതുമായി ഇതിന് യാതൊരു ബന്ധവുമില്ല. ഇവിടെ ഏതെങ്കിലും രീതിയിൽ വ്യവസായങ്ങളോ സ്ഥാപനങ്ങളോ തുടങ്ങിയാൽ അവർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ, മുന്ന് കൊല്ലത്തെ ലൈസൻസ് തദ്ദേശേരണ സ്ഥാപനങ്ങൾക്ക് കൊടുക്കാവുന്ന വ്യവസ്ഥയാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ശ്രീ. മത്തായി ചാക്കോ: അങ്ങ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതിനെ സംബന്ധിച്ച് സഭയിൽ നിരവധി തവണ പറഞ്ഞതാണ്. ബഹുമാനപ്പെട്ട മമ്മൂട്ടി ഇപ്പോൾ സംസാരിച്ചത് കേട്ടപ്പോൾ ഇത് നീട്ടിക്കൊണ്ടുപോകാൻ വല്ല സൂത്രവും പ്രയോഗിക്കുന്നുണ്ടോയെന്ന് എനിക്ക് വീണ്ടും സംശയമാണ്. അതുകൊണ്ട് തെരഞ്ഞെടുപ്പ് നടത്തുന്നതു സംബന്ധിച്ച കാര്യം ഈ സഭയിൽ അസന്നിഗ്ധമായി വ്യക്തമാക്കാമോ?

ശ്രീ. കെ. കെ. ജയചന്ദ്രൻ: പുതിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ മൂന്നു വർഷം കാലാവധി കൊടുക്കുക മാത്രമല്ല, അതായത് അനധികൃതമായി പണിയുന്ന കെട്ടിടങ്ങളും സ്ഥാപനങ്ങളും നിലനിറുത്താൻ ലൈസൻസ് കൊടുക്കുകയാണ് ചെയ്യുന്നത്. മൂന്നുവർഷംകൂടി കാലാവധി നീട്ടികൊടുക്കുമ്പോൾ ഇത്തരം അനധികൃതമായി കൺസ്ട്രക്ഷൻ നടത്തുന്നവർക്ക് കോടതിയെ സമീപിക്കാനുള്ള സൗകര്യവും ആവശ്യമായ രേഖകൾ ഉണ്ടാക്കാനുള്ള സൗകര്യവുമുണ്ട്. അതേസമയം 30 ദിവസത്തി

LIBRARY ARCHIVES Kerala Legislative Assembly

നുള്ളിൽ ലൈസൻസ് കൊടുത്തില്ലെങ്കിൽ അത് നിയമമായി വരും എന്ന ഭാഗത്തോട് എതിർപ്പില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇത് അനധികൃതമായി ബന്ധപ്പെട്ട കാര്യങ്ങളല്ല. ഇത് അധികൃതമായി തന്നെ കൊടുക്കാനുള്ള ഒരു ഫുർപ്പാടാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: അനധികൃതവും അധികൃതവും എന്താണെന്ന് അറിയാതെ ആവശ്യമില്ലാതെ ഗവൺമെന്റ് എന്ത് ചെയ്താലും അതിന് സംശയം പ്രകടിപ്പിക്കുന്ന ഒരു അന്തരീക്ഷം ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. നേരത്തേ പാസ്സാക്കിയ 2003-ലെ ബില്ലിന്റെ തുടർച്ച എന്ന നിലയിൽ തീർത്തും സാങ്കേതികമായ ഒരു കാര്യം മാത്രമാണ് ഈ നിയമത്തിൽ അന്തർലീനമായിരിക്കുന്നത്. ആ സ്ഥിതിക്ക് ഇതിൽ പ്രശ്നങ്ങളുണ്ടാക്കി മുന്നോട്ടുപോകേണ്ട ഒരു കാര്യമുണ്ടെന്ന് ഒരിക്കലും തോന്നുന്നില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ജനങ്ങൾക്ക് ഉപകാരപ്രദമായ ഒരു വ്യവസ്ഥ ആക്ടിൽ ഉണ്ടാക്കുകയാണ് ചെയ്യുന്നത്. അതിൽ കവിഞ്ഞ് മറ്റൊരു ഉദ്ദേശ്യവും ഇതിൽ ഇല്ല. ഇവിടെ ശ്രീ. മത്തായി ചാക്കോ പറഞ്ഞത് അസന്നിഗ്ദ്ധമായി വ്യക്തമാക്കണമെന്നാണ്. ഇവിടെ പറഞ്ഞത് അസന്നിഗ്ദ്ധമായി തന്നെയാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് കൃത്യമായി നടത്താൻവേണ്ടി തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സാങ്കേതികമായ ചില പ്രയാസങ്ങൾ ഉണ്ടാകും. പഞ്ചായത്ത് തെരഞ്ഞെടുപ്പ് കൃത്യസമയത്ത് തന്നെ നടത്തും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആ കാര്യത്തെക്കുറിച്ച് യാതൊരു സംശയവും വേണ്ട.

മി. ചെയർമാൻ: ശ്രീ. കെ. കെ. ജയചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. കെ. കെ. ജയചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി): ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ഉദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ:

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly